(ഇ) ഇത്തരം മരം മുറിക്കുന്നതിന് അനുമതി വേണമെന്ന നിബന്ധന അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1986-ലെ വൃക്ഷസംരക്ഷണ നിയമപ്രകാരം സ്വകാര്യഭൂമിയിൽ നിൽക്കുന്ന ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പഷം, ചെമ്പകം, ചടച്ചി, ചന്ദനവേപ്പ്, ചീനി എന്നീ പത്തിനം മരങ്ങൾ മുറിക്കുവാൻ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അനുമതിക്കായി ബന്ധപ്പെട്ട വില്ലേജാഫീസറിൽനിന്നും വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതും മരങ്ങൾക്ക് സർക്കാർ ബാദ്ധ്യതഇല്ല എന്ന് തെളിയിക്കുന്നതുമായ സർട്ടിഫിക്കറ്റും മരം നിൽക്കുന്ന ഭൂമിയുടെ സ്കെച്ചും സഹിതം ഉടമസ്ഥൻ ബന്ധപ്പെട്ട റെയിഞ്ചോഫീസർക്ക് അപേക്ഷ നൽകണം. തേക്ക്, ഈട്ടി, ചന്ദനം എന്നിവ ഒഴികെയുള്ളവയുടെ അനുമതി റെയിഞ്ചോഫീസറാണ് നൽകുന്നത്. തേക്ക്, ഈട്ടി, ചന്ദനം എന്നിവയുടെ അനുമതി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസറാണ് നൽകുന്നത്.

(സി) സമ്പൂർണ്ണമായ അപേക്ഷ ബന്ധപ്പെട്ട അധികാരിക്ക് ലഭിച്ച് 15 ദിവസത്തിനുള്ളിൽ മരം മുറിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

(ഡി) നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരിയുടെ അനുമതിയില്ലാതെ മരം മുറിക്കുവാൻ ഭൂവുടമയ്ക്ക് അധികാരം നൽകാനാവില്ല.

(ഇ) 1986-ലെ വൃക്ഷസംരക്ഷണ നിയമത്തിൽ ഉൾപ്പെടുന്ന 10 ഇനം മരങ്ങളിൽ ചന്ദനം ഒഴികെയുള്ള 9 ഇനം മരങ്ങളും ഭൂവുടമയ്ക്ക് മുറിക്കാനുള്ള അവകാശം നൽകുന്ന ബിൽ പരിഗണനയിലാണ്.

വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും നാഷണൽ പാർക്കുകളും

136 [2108] ശ്രീ. തമ്പാനൂർ രവി:

,, കെ. സി. ജോസഫ്:

,, കെ. മോഹൻകുമാർ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളുണ്ട്;

(ബി) പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമെന്നു കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം വന്യമൃഗങ്ങൾക്കുവേണ്ടിയുള്ള സംരക്ഷണ കേന്ദ്രങ്ങളാണ് ഇവയെന്ന് വ്യക്തമാക്കുമോ;

---

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2107 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് ഏതെല്ലാം നാഷണൽ പാർക്കുകളും ബയോളജിക്കൽ പാർക്കുകളും ബയോസ്പിയർ റിസർവ്വുകളുമുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പന്ത്രണ്ട്.

(ബി) പ്രസ്തുത വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

1. പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രം
2. വയനാട് വന്യമൃഗസംരക്ഷണ കേന്ദ്രം
3. പറമ്പിക്കുളം വന്യമൃഗസംരക്ഷണ കേന്ദ്രം
4. നെയ്യാർ വന്യമൃഗസംരക്ഷണ കേന്ദ്രം
5. പീച്ചി-വഴാനി വന്യമൃഗസംരക്ഷണ കേന്ദ്രം
6. ശെന്തുരുത്തി വന്യമൃഗസംരക്ഷണ കേന്ദ്രം
7. ചിന്നാർ വന്യമൃഗസംരക്ഷണ കേന്ദ്രം
8. ഇടുക്കി വന്യമൃഗസംരക്ഷണ കേന്ദ്രം
9. ആറളം വന്യമൃഗസംരക്ഷണ കേന്ദ്രം
10. പേപ്പാറ വന്യമൃഗസംരക്ഷണ കേന്ദ്രം
11. തട്ടേക്കാട് വന്യമൃഗസംരക്ഷണ കേന്ദ്രം
12. ചിമ്മിനി വന്യമൃഗസംരക്ഷണ കേന്ദ്രം

(സി) കേരളത്തിലെ വനങ്ങളിൽ കാണുന്ന എല്ലാവിധ വന്യമൃഗങ്ങളേയും മറ്റു ജൈവ സമ്പത്തുകളേയും ഈ സംരക്ഷണ കേന്ദ്രങ്ങളിൽ സംരക്ഷിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ മൂന്ന് ദേശീയോദ്യാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഇരവികുളം ദേശീയോദ്യാനം
2. സൈലന്റ് വാലി ദേശീയോദ്യാനം
3. പെരിയാർ നാഷണൽ പാർക്ക്

ഇതിനുപുറമെ മതികെട്ടാൻചോല, ആനമുടിചോല, പാമ്പാടുംചോല എന്നീ ചോലവനങ്ങളെ ദേശീയോദ്യാനങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ബയോസ്ഫിയറുകൾ താഴെപ്പറയുന്നവയാണ്:

1. നീലഗിരി ബയോസ്ഫിയർ റിസർവ്വ്
2. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്

LIBRARY ARCHIVES Kerala Legislative Assembly